| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനാലാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 196 | 08/06/2015 ൽ മറുപടിക്ക് |
| ബാർ കോഴകേസുകളിലെ അന്വേഷണം | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ബാർ കോഴ കേസുകളിലെ അന്വേഷണ സംഘത്തിന്റെ കണ്ടെത്തലുകൾ വിശദമാക്കാമോ; ആരുടെ നേതൃത്വത്തിൽ ആരെല്ലാമാണ് അന്വേഷണം നടത്തിയിരുന്നത് ; | (എ) | ബാർ കോഴയുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് - I ലെ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലാണ് വിജിലൻസ് കേസന്വേഷണം നടന്നുവരുന്നത്. കേസ്സിനെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ബി) | പൂട്ടിയ ബാറുകൾ തുറക്കാൻ ധനകാര്യമന്ത്രി കൈക്കൂലി വാങ്ങിയെന്ന ആരോപണം സംബന്ധിച്ച് ക്വിക്ക് വെരിഫിക്കേഷനിൽ എന്തെല്ലാം നിഗമനങ്ങളുടെയടിസ്ഥാനത്തിലായിരുന്നു മന്ത്രിയെ ഒന്നാം പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്തിരുന്നത് ; തുടർന്നുള്ള അന്വേഷണത്തേയും, കോഴ വാങ്ങിയതായുള്ള മൊഴിയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ പരിശോധനാഫലം സംബന്ധിച്ചും വിശദമാക്കാമോ ; | (ബി) | ധനകാര്യ വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണി ബാർ ഉടമകളിൽ നിന്ന് ഒരുകോടി രൂപ കൈക്കൂലി വാങ്ങിയെന്ന ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ.ബിജു രമേശ് ഉന്നയിച്ച ആക്ഷേപം ചൂണ്ടിക്കാട്ടി പ്രതിപക്ഷ നേതാവ് ശ്രീ.വി.എസ്.അച്യുതാനന്ദൻ 01/11/2014 തീയതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് നൽകിയ പരാതിയിന്മേൽ ക്വിക്ക് വെരിഫിക്കേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ.കെ.എം.മാണിയെ ഒന്നാംപ്രതിയാക്കി വിജിലൻസ് കേസ് (വി.സി.06/14/എസ്.ഐ.യു.-I) രജിസ്റ്റർ ചെയ്തത്. കേസന്വേഷണം സംബന്ധിച്ച വിശദാംശങ്ങൾ നൽകുവാൻ നിർവ്വാഹമില്ല. |
| (സി) | എക്സൈസ് ലൈസൻസുകൾ പുതുക്കാൻ എക്സൈസ് മന്ത്രി കൈക്കൂലി വാങ്ങിയെന്ന് ആരോപിച്ചുകൊണ്ടുള്ള സെ.164 സ്റ്റേറ്റ് മെന്റിന്റെ അടിസ്ഥാനത്തിൽ ക്വിക്ക് വെരിഫിക്കേഷൻ നടത്തി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നുവോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ; | (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഒരു പ്രാഥമികാന്വേഷണം നടന്നു വരുന്നു. അന്വേഷണം തീരുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ഡി) | മേൽപ്പറഞ്ഞ ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുമ്പോൾ മന്ത്രി സ്ഥാനങ്ങളിൽ നിന്ന് മാറ്റി നിർത്തണമെന്ന് അന്വേഷണ സംഘം ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ; അന്വേഷണ ഘട്ടത്തിൽ മന്ത്രിസ്ഥാനത്ത് നിന്ന് മാറി നിൽക്കാൻ ഇരുവരോടും മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ; | (ഡി) | അന്വേഷണ വിഷയവുമായി ബന്ധപ്പെട്ടിട്ടുള്ള മന്ത്രിമാരെ മാറ്റി നിർത്തണമെന്ന് വിജിലൻസ് അന്വേഷണ സംഘം ആവശ്യപ്പെട്ടിട്ടില്ല. |
| (ഇ) | ആരോപിതർ മന്ത്രിസ്ഥാനങ്ങളിൽ തുടരുന്നതിനാൽ അന്വേഷണസംഘം കൂട്ടിലടയ്ക്കപ്പെട്ടു എന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ ? | (ഇ) | ടി വിഷയവുമായി ബന്ധപ്പെട്ട് അത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ